## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 175 | 11.06.2018 — ൽ മറുപടിക്ക്

## ഭക്ഷ്യഭദ്രത നിയമം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജി.എസ്.ജയലാൽ**<br>**,, ഇ.കെ.വിജയൻ**<br>**,, കെ. രാജൻ**<br>**,, വി.ആർ. സുനിൽ കുമാർ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) ഭക്ഷ്യഭദ്രത നിയമം സംസ്ഥാനത്ത് നടപ്പാക്കിയതിന്റെ പുരോഗതി വിശദമാക്കുമോ; | (എ)<br>1. സംസ്ഥാന സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു.<br>2. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുംവിധം കരട് രേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.<br>3. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള പരാതികൾ സ്വീകരിച്ച്, അപ്പീൽ കേട്ട് അന്തിമ ലിസ്റ്റ് കീഴ്‌വഴക്കങ്ങൾ അനുസരിച്ച് പ്രസിദ്ധപ്പെടുത്തി ആയതു പ്രകാരം റേഷൻ വിതരണം തുടർന്നു വരുന്നു.<br>4. വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോയെ അംഗീകൃത ഏജൻസിയായി നിയമിച്ചു.<br>5. നിലവിൽ റേഷൻ വിതരണം ഇ-പോസ് മുഖേന ക്രമപ്പെടുത്തി.<br>6. കൺസ്യൂമർ ഡിസ്പ്യൂട്ട്സ് റീഡ്രസ്സൽ കമ്മീഷന് സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ ചുമതല നൽകി.<br>7. സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടങ്ങൾ അംഗീകരിച്ചു.<br>8. പൊതുവിതരണം സോഷ്യൽ ആഡിറ്റിന് വിധേയമാക്കാൻ തീരുമാനിച്ചു.<br>9. വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുവാനും, കേരള റേഷനിംഗ് ഓർഡർ, മാനുവൽ എന്നിവ പരിഷ്കരിക്കാനുമുള്ള നടപടികൾ തുടർന്നു വരുന്നു.<br>10. റേഷൻ വിതരണക്കാർക്ക് പ്രത്യേക കമ്മീഷൻ പാക്കേജ് അംഗീകരിച്ചു.<br>11. സർക്കാർ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. |

| | | | |
|---|---|---|---|
| (ബി) | ഭക്ഷ്യഭദ്രത നിയമപ്രകാരം ഓരോ വിഭാഗത്തിനും ലഭിക്കുന്ന ആനുകൂല്യങ്ങൾ വ്യക്തമാക്കുമോ; | (ബി) | ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം എ.എ.വൈ വിഭാഗത്തിൽ പ്പെട്ടവർക്ക് ഓരോ കാർഡിനും പ്രതിമാസം 35 കി.ഗ്രാം ഭക്ഷ്യധാന്യം ലഭിക്കും. എ.എ.വൈ. ഒഴികെയുള്ള മുൻഗണനാ വിഭാഗത്തിന് ഓരോ ആൾക്കും പ്രതിമാസം 5 കിഗ്രാം ഭക്ഷ്യ ധാന്യം ലഭിക്കും. മുൻഗണനേതര സബ്സിഡി വിഭാഗത്തിന് കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതവും മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിൽ ഓരോ കാർഡിനും അരിയും ഗോതമ്പുമുൾപ്പെടെ 2 കി.ഗ്രാം ഭക്ഷ്യധാന്യവും നൽകി വരുന്നു. |
| (സി) | ഇത് മൂലം സംസ്ഥാന സർക്കാരിന് അധിക ബാധ്യത വരുത്തുന്നുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. പ്രതിവർഷം ഭക്ഷ്യ ധാന്യങ്ങളുടെ സബ്സിഡി യിനത്തിൽ ഏകദേശം 480 കോടി രൂപയും കമ്മീഷൻ ഇനത്തിൽ ഏകദേശം 350 കോടി രൂപയും അധിക ബാദ്ധ്യത വരുന്നുണ്ട്. |
| (ഡി) | ഭക്ഷ്യഭദ്രത നിയമം നടപ്പിലാ ക്കിയപ്പോൾ ദാരിദ്ര്യ സൂചക മാനദണ്ഡങ്ങൾക്ക് പുറമേ ഭക്ഷ്യ ദൗർലഭ്യം എന്ന മാനദണ്ഡം കൂടി പരിഗണി ക്കണമെന്ന് മുൻസർക്കാർ കേന്ദ്രത്തിനോട് ആവശ്യപ്പെട്ടി രുന്നോ; വ്യക്തമാക്കുമോ; | (ഡി) | ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് കണക്കാക്കി യിരിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് സംസ്ഥാനത്തിന്റെ ആവശ്യത്തിനനുസരിച്ച് പര്യാപ്തമല്ലെന്ന് മുൻ സർക്കാരിന്റെ കാലത്ത് 16.12.2013-ൽ ബഹു. പ്രധാനമന്ത്രിക്കും 28.07.2015-ലെ 125589/ഡി2/15/ഭ.പൊ.വി.വ നമ്പരിൽ കേന്ദ്ര ഭക്ഷ്യ മന്ത്രാലയത്തിലേയ്ക്കും കത്ത് നൽകിയിരുന്നു. |
| (ഇ) | ദേശീയ ശരാശരിയിൽ 67% ആളുകൾ മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടപ്പോൾ സംസ്ഥാനത്ത് 46% മാത്രം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ? | (ഇ) | കേന്ദ്ര സർക്കാരിന്റെ സാമൂഹിക - സാമ്പത്തിക സർവ്വേയുടെ അടിസ്ഥാനത്തിലാണ് ഓരോ സംസ്ഥാനത്തും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളെ നിശ്ചയിച്ചിരി ക്കുന്നത്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ലെ റ്റി.പി.ഡി.എസ്. സെക്ഷൻ 3(2) പ്രകാരം ഓരോ സംസ്ഥാന ത്തെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നതിനുള്ള ജനസംഖ്യ നിശ്ചയിച്ചിട്ടുണ്ട്. ഇതിന് അവലംബമായി സ്വീകരി ച്ചിരിക്കുന്നത് 2011 ലെ ജനസംഖ്യാ സെൻസസ് ആണ്. ആയത് പ്രകാരം നമ്മുടെ സംസ്ഥാനത്തിന് 1,54,80,040 പേരെയാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ 5,95,800 പേർ നിലവിലെ |

എ.എ.വൈ. ഗുണഭോക്താക്കളാണ്. ഗ്രാമപ്രദേശങ്ങളിൽ 52.63 ശതമാനവും നഗര പ്രദേശങ്ങളിൽ 39.50 ശതമാനവും ജനങ്ങളെയാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ സാമൂഹിക സാമ്പത്തിക സർവ്വേ പ്രകാരം പല സംസ്ഥാനങ്ങളിലും വ്യത്യസ്തമായ തോതിലാണ് മുൻഗണനാ ക്രമം അനുവദിച്ചിരിക്കുന്നത്. ആയത് പ്രകാരം മണിപ്പൂരിൽ ഗ്രാമങ്ങളിൽ 88.56 ശതമാനവും നഗരങ്ങളിൽ 85.75 ശതമാനവും, ജാർഖണ്ഡിൽ ഇവ യഥാക്രമം 86.48 ശതമാനവും 60.2 ശതമാനവും ഛത്തീസ്ഗഡിൽ 84.25 ശതമാനവും 59.98 ശതമാനവുമാണ്. എന്നാൽ ഗോവയിൽ ഗ്രാമങ്ങളിൽ 42.24 ശതമാനവും നഗരങ്ങളിൽ 33.02 ശതമാനവും ഡൽഹിയിൽ ഇവ യഥാക്രമം 37.69 ഉം 43.59 ഉം ആണ്. ഇവ കേരളത്തിലെ ശരാശരിയേക്കാൾ കുറവാണ്. ഇക്കാര്യം പല പ്രാവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്.

*സെക്ഷൻ ഓഫീസർ*